## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6051 — 10.07.2012 ൽ മറുപടിക്ക്

### സേവന നികുതി, കേന്ദ്രത്തിൽ സമ്മർദം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ. | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് മുഖാന്തിരം 2011 ൽ നടത്തിയ പഠനമനുസരിച്ച് 22.8 ലക്ഷം മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) പ്രവാസി മലയാളികൾ ഒരു വർഷം ശരാശരി എന്ത് തുക നാട്ടിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നും പ്രസ്തുത തുക കേരളത്തിന്റെ ജി. ഡി. പി. -യുടെ എത്ര ശതമാനം വരുമെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് മുഖാന്തിരം 2011 ൽ നടത്തിയ പഠന പ്രകാരം മലയാളികൾ വിദേശത്തുനിന്ന് ഉദ്ദേശം 50,000/- കോടി രൂപ അയയ്ക്കുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച വിശദമായ കണക്കുകൾ ലഭ്യമല്ല. |

| | |
|---|---|
| (സി) പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന തുകയ്ക്ക് സേവന നികുതി ചുമത്തുന്നത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും സേവന നികുതി എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ; | (സി) പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷന് 12.36% സേവന നികുതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചതായി അറിയുന്നു. |
| (ഡി) സേവന നികുതി ചുമത്തിയ കേന്ദ്ര ഗവൺമെന്റ് നടപടി പിൻവലിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സേവനങ്ങൾക്ക് 2012 ജൂലൈ 1 മുതൽ സേവന നികുതി ഈടാക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ അറിയിപ്പുണ്ടായിരുന്നു. ഇതുമൂലം പ്രവാസി മലയാളികൾ നാട്ടിലേക്കയയ്ക്കുന്ന തുകയ്ക്ക് ബാങ്കുകൾ ഈടാക്കുന്ന ഫീസിൻ മേൽ സേവന നികുതി ബാധകമാകാനിടയുണ്ടെന്ന് മാധ്യമങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു. ഇക്കാര്യം 2012 ജൂലൈ 2, 3 തീയതികളിൽ ഡൽഹിയിൽ നടന്ന ചർച്ചകളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഇത് വഹിക്കുന്നത് ബാങ്കുകളായതിനാൽ പ്രവാസികളെ ഇത് ബാധിക്കുകയില്ല എന്ന് കേന്ദ്ര സർക്കാർ വിശദീകരിച്ചിട്ടുണ്ട്. |

ഇക്കാര്യം സംബന്ധിച്ച് വിശദമായ ഔദ്യോഗിക സ്പഷ്ടീകരണം കേന്ദ്ര ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്നതാണെന്നും ഉറപ്പു നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ